"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ അദ്ധ്യാപകരുടെ കെ ടെറ്റ് യോഗ്യത നിർബന്ധമാക്കിയ തീയതിയ്ക്കു മുൻപ് (01.04.2012) ബിരുദം, ബി.എഡ്, ഹയർ സെക്കൻഡറി, ടിടിസി (നിലവിൽ ഡിഎൽഎഡ്) കോഴ്സുകൾ പൂർത്തിയാക്കിയവർക്കും, പ്രസ്തുത കോഴ്സുകളിൽ പ്രവേശനം നേടിയവർക്കും കെ ടെറ്റ് യോഗ്യത നേടുന്നതിന് മിനിമം മാർക്ക് കരസ്ഥമാക്കണം എന്ന വ്യവസ്ഥയിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു വിദ്യാഭ്യാസ(ജെ) വകുപ്പ്**

സ.ഉ.(കൈ) നം.110/2022/GEDN തീയതി,തിരുവനന്തപുരം, 24-06-2022

പരാമർശം:-

1. NCTE യുടെ 29.07.2011 ലെ ഗസറ്റ് നോട്ടിഫിക്കേഷൻ
2. സ.ഉ(പി) നം.244/12/പൊ.വി.വ തീയതി 25.07.2012
3. NCTE യുടെ 13.11.2019 ലെ ഗസറ്റ് നോട്ടിഫിക്കേഷൻ
4. എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 22.07.2021 ലെ നം. പ്രോഗ്രാം 2/1831/2021/SCERT നമ്പർ കത്ത്
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 18.12.2021 ലെ നം ഡിജി ഇ/2940/19-H3 നമ്പർ കത്ത്

**ഉത്തരവ്**

ബിരുദധാരികൾക്ക് അദ്ധ്യാപകരാകുന്നതിനുള്ള മിനിമം യോഗ്യത, "Graduation with at least 45% marks and 1 year Bachelor in Education (B.Ed) in accordance with the NCTE (Recognition Norms and Procedure) Regulations issued from time to time in this regard" എന്ന് പരാമർശം 1 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

പരാമർശം 2 ലെ ഉത്തരവ് പ്രകാരം 01.06.2012 മുതൽ റഗുലർ ഒഴിവുകളിൽ നിയമിതരാകുന്ന സംസ്ഥാനത്തെ എല്ലാ എയ്ഡഡ് സ്കൂൾ അധ്യാപകർക്കും കെ-ടെറ്റ് യോഗ്യത നിർബന്ധമാക്കിയിരുന്നു. കെ ടെറ്റ് പരീക്ഷ എഴുതുന്നതിന് ബിരുദത്തിന് 45 ശതമാനം മാർക്ക് എന്ന നിബന്ധനയും ഏർപ്പെടുത്തിയിരുന്നു.

2009 ലെ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം 2012 -ൽ കെ -ടെറ്റ് യോഗ്യത നിർബന്ധമാക്കുന്നതിന് മുൻപ് ബിരുദവും ബി എഡും നേടിയവർക്ക് കെ ടെറ്റ് യോഗ്യത നേടുന്നതിന് 45 ശതമാനം മാർക്കോട് കൂടിയ ബിരുദം എന്ന നിബന്ധന ഒഴിവാക്കുന്നതിനായി സർക്കാരിൽ നിവേദനങ്ങൾ ലഭിച്ചിരുന്നു.

ടീച്ചർ എലിജിബിലിറ്റി ടെസ്റ്റുകൾ നിർബന്ധ യോഗ്യതയായി ഏർപ്പെടുത്തുന്നതിനു മുമ്പ്

അടിസ്ഥാന അധ്യാപക യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ മിനിമം മാർക്ക് യോഗ്യതയിൽ നിന്നും ഇളവ് നൽകിക്കൊണ്ട്, എൻ.സി.ടി.ഇ, പരാമർശം 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും മേൽ ആനുകൂല്യം കെ-ടെറ്റ് പാസ്സായ ഉദ്യോഗാർത്ഥികൾക്കും അർഹതപ്പെട്ടതാണെന്നും പരാമർശം 4 പ്രകാരം എസ്.സി.ഇ.ആർ.ടി ഡയറക്ടർ അറിയിച്ചിരുന്നു.

സംസ്ഥാനത്തെ അദ്ധ്യാപകരുടെ കെ ടെറ്റ് യോഗ്യത നിർബന്ധമാക്കിയ തീയതിയിൽ (01.04.2012) ബിരുദം, ബി.എഡ്, ഹയർ സെക്കൻഡറി, ടിടിസി (നിലവിൽ ഡിഎൽഎഡ്) കോഴ്സുകൾ പൂർത്തിയാക്കിയവർക്കും, പ്രസ്തുത കോഴ്സുകളിൽ പ്രവേശനം നേടിയവർക്കും മിനിമം മാർക്ക് കരസ്ഥമാക്കണം എന്ന വ്യവസ്ഥയിൽ ഇളവ് നൽകാവുന്നതാണെന്ന് പരാമർശം 5 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറും ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് അദ്ധ്യാപകർക്ക് കെ ടെറ്റ് യോഗ്യത നിർബന്ധമാക്കിയ തീയതിയ്ക്ക് മുൻപ് (01.04.2012) ബിരുദം, ബി.എഡ്, ഹയർ സെക്കൻഡറി, ടിടിസി (നിലവിൽ ഡിഎൽ എഡ്) കോഴ്സുകൾ പൂർത്തിയാക്കിയവർക്കും, പ്രസ്തുത കോഴ്സുകളിൽ പ്രവേശനം നേടിയവർക്കും കെ ടെറ്റ് യോഗ്യത നേടുന്നതിന് പ്രസ്തുത പരീക്ഷകളിൽ മിനിമം മാർക്ക് കരസ്ഥമാക്കണം എന്ന വ്യവസ്ഥയിൽ ഇളവ് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പരീക്ഷാ ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
(പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ആർ.ടി, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഐ&പി.ആർ.ഡി (വെബ്&ന്യൂ മീഡിയ)(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by N.k. Sheena**
**Date: 24-06-2022 11:46:01**
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്